പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 37 28/11/2018 ൽ മറുപടിക്ക്

## കാർഷിക ക്ഷേമവകുപ്പിൽ കൃഷി അസിസ്റ്റന്റ് നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ.പി. :** | **ശ്രീ. പിണറായി വിജയൻ ((മുഖ്യമന്ത്രി))** |
| (എ) കാർഷിക ക്ഷേമവകുപ്പിൽ കൃഷി അസിസ്റ്റന്റ് നിയമനത്തിനായുള്ള പരീക്ഷ 2017 ഓഗസ്റ്റിൽ നടന്നുവെങ്കിലും അതിന്റെ റാങ്ക് ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) കൃഷി അസിസ്റ്റന്റ് തസ്തികയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് B-Tech അഗ്രിക്കൾച്ചറൽ സയൻസ് യോഗ്യതയുള്ളവരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് യോഗ്യത ടി തസ്തികയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കാൻ വൈകുന്നത്. |
| (ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസ്തുത നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) നിലവിലുള്ള സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്ത ടി തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടില്ല. |
| (സി) കാർഷിക സർവകലാശാലയിൽ നിന്നും കാർഷിക ശാസ്ത്രത്തിൽ ലഭിച്ചിട്ടുള്ള ഡിപ്ലോമ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രം മറ്റുള്ള യോഗ്യത ലഭിച്ചിട്ടുള്ളവരെ പരിഗണിക്കാമെന്ന നിബന്ധനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ.